**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *271** | **13.03.2017 ൽ മറുപടിയ്ക്ക്**

**"കൃഷിവകുപ്പിന്റെ പച്ചക്കറി വിപണനം"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി. സി.കെ ആശ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരള ഓർഗാനിക് പച്ചക്കറി എന്ന ലേബലിൽ കൃഷി വകുപ്പ് പച്ചക്കറി വിപണനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. കേരളത്തിലെ 14 ജില്ലകളിൽ നല്ല കൃഷിമുറകൾ (good agricultural practices) പാലിച്ചുകൊണ്ട് കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉല്പന്നങ്ങൾ സംസ്ഥാന കൃഷി വകുപ്പ് "കേരള ഓർഗാനിക്" എന്ന ലേബലിൽ ഈ വരുന്ന വിഷുവിന് വിപണനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സേഫ് റ്റു ഈറ്റ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന പച്ചക്കറികൾ വിശേഷ ദിവസങ്ങൾ കൂടാതെ എല്ലാദിവസങ്ങളിലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) വിശേഷ ദിവസങ്ങൾ കൂടാതെ എല്ലാ ദിവസങ്ങളിലും സേഫ് റ്റു ഈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറികൾ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**